(സി) പുതിയ സ്കൂളുകളും കോഴ്സുകളും അനുവദിക്കുന്നതിന് അന്തിമമായി തീരുമാനമെടുക്കുന്നമുറയ്ക്ക് അവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിശ്ചയിക്കുന്നതാണ്.

(ഡി) പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ തീരുമാനിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ അതിനനുസൃതമായി അപേക്ഷിച്ചാൽ മാനദണ്ഡങ്ങൾക്കു വിധേയമായി ചേർപ്പ് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനെയും പരിഗണിക്കുന്നതാണ്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിലെ സ്കൂളുകളും കോഴ്സുകളും

97 [680] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസമേഖലയിൽ 2001-2002 മുതൽ ഓരോ വർഷവും എത്ര സ്കൂളുകളും കോഴ്സുകളും സംസ്ഥാനത്ത് ആരംഭിച്ചുവെന്ന് അറിയിക്കാമോ; ഇവയ്ക്ക് കേന്ദ്രസർക്കാർ എപ്പോൾ അംഗീകാരം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) 100 പുതിയ സ്കൂളുകളും 200 പുതിയ കോഴ്സുകളും തുടങ്ങുവാൻ കേന്ദ്രസർക്കാർ സമീപകാലത്ത് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള അനുമതി എപ്പോൾ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) 2004-2005 മുതൽ നിലവിൽവന്ന പുതിയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏവ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസമേഖലയിൽ 2001-2002 മുതൽ പുതിയ സ്കൂളുകളോ കോഴ്സുകളോ ആരംഭിച്ചിട്ടില്ല.

(ബി) 31-3-2005-ന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(സി) 2004-2005 മുതൽ പുതിയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചിട്ടില്ല.

ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിൽ പ്രധാന കെട്ടിടത്തിന്റെ പ്രവർത്തനം

98 [681] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പാലക്കാട് ജില്ലയിലെ ഏക സർക്കാർ എഞ്ചിനീയറിംഗ് കോളേജായ ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്രധാന കെട്ടിടത്തിന് ഹയർ എഡ്യൂക്കേഷൻ വകുപ്പിൽനിന്നും എ. എസ്-ഉം., എസ്. എസ്.-ഉം ലഭിക്കുകയുണ്ടായോ; പ്രസ്തുത കോളേജിന്റെ പ്രധാന കെട്ടിടം നിർമ്മിക്കുവാൻ തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിന് പ്രധാന കെട്ടിടം ഇല്ലായെന്ന ഒറ്റക്കാരണത്താൽ എ. ഐ. സി. ടി. ഇ. യുടെ അംഗീകാരം നഷ്ടമാകുവാൻ സാദ്ധ്യതയുണ്ടോ;

(സി) പ്രസ്തുത കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്രധാന കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 31-3-2005-ലെ ജി. ഒ. (ആർ. ടി.) 553/05/ ഉ.വി. വ. പ്രകാരം നൽകിയിട്ടുണ്ട്. പ്രത്യേക അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

വി. എച്ച്. എസ്. സി.-ക്കാരെ കരസേനാ റിക്രൂട്ട്മെന്റ് റാലിയിൽനിന്നും നിന്നും ഒഴിവാക്കുന്നത് നിർത്തലാക്കാൻ നടപടി

99 [682] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ പി. എസ്. സി. അംഗീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത കോഴ്സുകൾ പ്ലസ്ടു-വിന് തുല്യമാണോ;

(സി) സംസ്ഥാനത്ത് നടക്കുന്ന കരസേനാ റിക്രൂട്ട്മെന്റ് റാലിയിൽനിന്നും വി. എച്ച്. എസ്. സി. ക്കാരെ ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വി. എച്ച്. എസ്. സി.-ക്കാരെ കരസേനാ റിക്രൂട്ട്മെന്റ് റാലിയിൽനിന്നും ഒഴിവാക്കുന്നത് നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly